(ബി) ജലസേചന വകുപ്പിനായി 111.7 കോടി രൂപയുടെയും സംസ്ഥാന വൈദ്യുതി ബോർഡിനു വേണ്ടി 99.47 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 211.17 കോടി രൂപയുടെ സംക്ഷിപ്ത റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷന് സമർപ്പിക്കുകയും ലോകബാങ്ക് അധികൃതർ ഇത് തത്വത്തിൽ അംഗീകരിക്കുകയും 280 കോടി രൂപ ഇതിലേക്കായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ, പഴശ്ശി ബാരേജ്, പമ്പാ (മണിയാർ) ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ എന്നിവയുടെയും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പെരിങ്ങൽകുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ എന്നിവയുടെയും പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഡാമുകളുടെ കാലപ്പഴക്കമാണ് മുൻഗണന നിശ്ചയിക്കുന്നതിന് പ്രധാന മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്. കേരള ഡാം സേഫ്റ്റി അതോറിറ്റിയാണ് ഒന്നാം ഘട്ടത്തിലെ പദ്ധതികളെ തെരഞ്ഞെടുത്തത്.

ചവറയിൽ പി.വി.സി. പൈപ്പ് ഫാക്ടറി ആരംഭിക്കാൻ നടപടി

30 (*240) ശ്രീ. ബി. രാഘവൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിക്ക് കീഴിൽ ചവറയിൽ പി.വി.സി. പൈപ്പ് ഫാക്ടറി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഫാക്ടറിയുടെ നിർമ്മാണ ചുമതല ഏതു കമ്പനിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഫാക്ടറിയുടെ നിർമ്മാണത്തിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ ; എങ്കിൽ ധാരണാപത്രത്തിന്റെ വിശദാംശം നൽകുമോ ;

(ഡി) പദ്ധതിക്ക് എത്ര കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ,

(എ) ചവറയിൽ ഒരു പി.വി.സി. പൈപ്പു നിർമ്മാണ ഫാക്ടറി തുടങ്ങുവാനുള്ള പദ്ധതി സർക്കാരിന്റെ 2006-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടതാണ്. ഇതിനായി ഒരു പ്രോജക്ട് തയ്യാറാക്കി കിറ്റ്കോ വിലയിരുത്തുകയും 19-8-2008-ൽ 593 ലക്ഷം രൂപക്ക് ഭരണാനുമതി നൽകുകയും ചെയ്തു.

പദ്ധതി നടത്തിപ്പിനായി രണ്ടു തവണ ദർഘാസുകൾ ക്ഷണിച്ചു. രണ്ടു തവണയും ഒരു കമ്പനി മാത്രമാണ് ദർഘാസ് നൽകിയത്. സാമ്പത്തികമായും സാങ്കേതികമായുമുള്ള നിശ്ചിത യോഗ്യതയില്ലാത്തതിനാൽ രണ്ടു തവണയും ദർഘാസ് റദ്ദാക്കേണ്ടിവന്നു.

തുടർന്ന് 10-12-2010-ൽ ചേർന്ന ജല അതോറിറ്റി ബോർഡ് പദ്ധതി നടത്തിപ്പിനായി പൊതുമേഖലാ സ്ഥാപനങ്ങളെ ക്ഷണിക്കാൻ തീരുമാനിച്ചു. ഇതിൻപ്രകാരം ആറു പൊതുമേഖലാ സ്ഥാപനങ്ങൾ താൽപര്യപത്രം നൽകുകയും ചെയ്തു. ഇവയിൽ നിന്നും HLL ലൈഫ് കെയർ ലിമിറ്റഡ്, സിഡ്കോ എന്നീ സ്ഥാപനങ്ങളെ ഷോർട്ടുലിസ്റ്റു ചെയ്തു ഓഫർ വാങ്ങുകയുണ്ടായി. അതിൻപ്രകാരം M/s HLL ലൈഫ് കെയർ ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുക്കുകയും ചെയ്തു. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻ കേരള വാട്ടർ അതോറിറ്റി m/s HLL ലൈഫ് കെയർ ലിമിറ്റഡുമായി 8-2-2011-ൽ ഒരു ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.

(ബി) ഫാക്ടറിയുടെ നിർമ്മാണ ചുമതല കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ HLL ലൈഫ് കെയർ ലിമിറ്റഡിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

(സി) ഫാക്ടറിയുടെ നിർമ്മാണത്തിനായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ധാരണാപത്ര പ്രകാരം കേരള ജല അതോറിറ്റിക്കുവേണ്ടി HLL ലൈഫ് കെയർ ലിമിറ്റഡ് പി.വി.സി. ഫാക്ടറി സ്ഥാപിച്ച് കമ്മീഷൻ ചെയ്യുകയും മൂന്നു മാസക്കാലം പരീക്ഷണോൽപ്പാദനം നടത്തുകയും ചെയ്യും. അതിനുശേഷം ഫാക്ടറി നടത്തിപ്പ് ജല അതോറിറ്റിക്ക് കൈമാറും. പദ്ധതി 15 മാസത്തിനകം പൂർത്തീകരിക്കും. എസ്റ്റിമേറ്റ് തുകയുടെ പത്തുശതമാനം HLL ലൈഫ് കെയർ ലിമിറ്റഡിന് ഫീസായി നൽകും.

(ഡി) ഫാക്ടറിയുടെ നിർമ്മാണത്തിനായി ഉദ്ദേശം 325.60 ലക്ഷം രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) പദ്ധതി പൂർത്തിയാകുമ്പോൾ നേരിട്ട് 16 പേർക്ക് തൊഴിൽ ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly